## ഇന്ത്യയും പസിഫിക് ദ്വീപ് രാജ്യങ്ങളുമായുള്ള സഹകരണം വര്ദ്ധിപ്പിക്കുക എന്നത് ലക്ഷ്യമാക്കി ഇന്ത്യാ-പസിഫിക് ദ്വീപുകളുടെ സുസ്ഥിര വികസന സമ്മേളനം

മെയ് 12, 2017

സുവയിലെ ഫിജിയില് മെയ് 25, 26, 2017 നു നടക്കുവാന് പോകുന്ന ''ഇന്ത്യാ-പസിഫിക് ദ്വീപുകളുടെ സുസ്ഥിര വികസന സമ്മേളന'' ത്തിന് കേന്ദ്ര വിദേശകാര്യമന്ത്രാലയം ആതിഥ്യം അരുളും. . ഇന്ത്യാപസിഫിക് ഐലണ്ട്സ് കോ-ഓപ്പറേഷന് ( ഫിപിക് ) ഫോറത്തിന്റെ ചട്ടക്കൂടിന് കീഴിലാണ് സമ്മേളനം നടക്കുന്നത്. ദി എനർജി ആൻഡ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട് ( തേരി) ആയിരിയ്ക്കും ഈ ചടങ്ങിലെ നോളജ് പാർട്ണർ

സമ്മേളനത്തിലെത്തുന്ന 14 പസിഫിക് ദ്വീപ് രാജ്യങ്ങളിലെ മന്ത്രിമാർക്ക് കേന്ദ്ര വിദേശകാര്യ സഹമന്ത്രി ജന. (ഡോ) വി.കെ സിംഗ് ആതിഥ്യം അരുളും . പസിഫിക് ഐലണ്ട് രാജ്യങ്ങളില് നിന്നും രണ്ട് പ്രസിഡണ്ടുമാരും മൂന്നു പ്രധാന മന്ത്രിമാരും സമ്മേളനത്തില് പങ്കെടുക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട് . വ്യാപാര നേതാക്കള്, പണ്ഡിതന്മാര്, സിവില് സൊസൈറ്റി അംഗങ്ങള്, മേഖലയിലെ യുവജനങ്ങള് എന്നിവര് സമ്മേളനത്തില് പങ്കെടുക്കും

ബ്ലൂ ഇക്കണോമി, കാലാവസ്ഥാ വ്യതിയാനങ്ങളിലെ ഇണങ്ങിചേരല്-ലഘൂകരിക്കല് പ്രവർത്തനങ്ങള്, അത്യാഹിതങ്ങളെ നേരിടാനുള്ള തയാറെടുപ്പ്, ആരോഗ്യം, ഇന്റർനാഷണല് സോളാര് അലയൻസ് , അതേ പോലെ നാഷണലി ഡിറ്റർമൈൻഡ് കോൺട്രിബ്യൂഷൻസ് - (എൻഡിസി ) നടപ്പകകുവാന് പ്രായോഗിക പരിഹാരങ്ങള് തുടങ്ങിയ വിഷയങ്ങളില് കേന്ദ്രീകരിച്ചാകും ദ്വിദിന സമ്മേളനം . അറിവും അനുഭവവും പങ്ക് വയ്ക്കുവാന് സൌകര്യം ഒരുക്കും ഈ സമ്മേളനം എന്നു പ്രതീക്ഷിക്കുന്നു . അതോടൊപ്പം പങ്കെടുക്കുന്ന രാജ്യങ്ങളുടെ പ്രയോജനത്തിന് വേണ്ടി പൊതുമേഖലാ-സ്വകാര്യ മേഖലാ പങ്കാളിത്തങ്ങൾക്കും സഹകരണങ്ങൾക്കും വേണ്ട നടപടികള് ഒരുക്കുകയും ചെയ്യും .

സമ്മേളനത്തിലെ മറ്റ് പ്രധാന പങ്കാളികളില് ഫെഡറേഷന് ഓഫ് ഇന്ത്യന് ചേംബേഴ്സ് ഓഫ് കൊമേഴ്സ് & ഇൻഡസ്ട്രി (ഫിക്കി), കോൺഫെഡറേഷന് ഓഫ് ഇന്ത്യന് ഇൻഡസ്ട്രി (സിഐഐ ), ദേശീയ ഡിസാസ്റ്റർ മാനേജ്മെന്റ് അഥോറിറ്റി (എൻഡിഎംഎ) പസിഫിക്

ഐലണ്ട്സ്  ഡെവലപ്മെന്റ് ഫോറം (പിഐഡിഎഫ്) എന്നിവരും ഉൾപ്പെടും

കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ വിശാലമായ തലത്തിലുള്ള വിഷയങ്ങളില് പസിഫിക് ഐലണ്ട് രാജ്യങ്ങളുമായി ഇന്ത്യക്ക് ഇടപാടുകളുണ്ട് . നവംബര് 2014 നാണ് ഫിപിക് രൂപീകരിച്ചത്, പസിഫിക് ഐലണ്ട് രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം ശക്തമാക്കുകയായിരുന്നു അതിന്റെ  ലക്ഷ്യം .  നവംബര് 2014 ല് ഫിജിയിലെ സുവയില് ഗവൺമെന്റ് തലവൻമാരുടെ തലത്തിലുള്ള പ്രഥമ ഫിപിക് ഉച്ചകോടി നടന്നിരുന്നു, അതെത്തുടർന്ന് ഇന്ത്യയിലെ ജയ്പൂരില് ആഗസ്ത് 2015 ല് ഫിപിക് -2 നടക്കുകയുണ്ടായി

ന്യൂഡെൽഹി
മെയ് 12, 2017